സർക്കാർ പ്രസ്സിലെ കോപ്പി ഫോൾഡർ തസ്തികയിലേയ്ക്കുള്ള നിയമനത്തിൽ ക്രമക്കേട് നടന്നതായ ആരോപണം

55 (55) ശ്രീ. എം. കെ. മുനീർ :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. പി. കെ. കെ ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സർക്കാർ പ്രസ്സിലെ കോപ്പി ഹോൾഡർ തസ്തികയിലേയ്ക്കുള്ള നിയമനത്തിൽ ക്രമക്കേട് നടന്നതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1997 മേയ് 27-ാം തീയതി നടന്ന എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റനുസരിച്ച് നിയമനത്തിന് ശുപാർശ ചെയ്യപ്പെട്ടവർ എത്ര ;

(സി) ശുപാർശ ചെയ്യപ്പെട്ടവരെല്ലാം തന്നെ ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാരുടെ അടുത്ത ബന്ധുക്കളോ ആശ്രിതരോ ആണെന്നുള്ള പരാതി അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നത് അടക്കമുള്ള എല്ലാ ക്രമക്കേടുകളും അന്വേഷിക്കുമോ ;

(ഇ) പരീക്ഷയിൽ ക്രമക്കേടുകളും കൃത്രിമവും കാട്ടിയവരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കാനും ക്രമരഹിതമായി ഉണ്ടാക്കിയ ലിസ്റ്റ് റദ്ദാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) ഇതു സംബന്ധിച്ച ഒരു പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണപരിഷ്കാര വകുപ്പ് പരിശോധിച്ചു വരുന്നു.

ഭരണഭാഷ മലയാളമാക്കുന്നതിന് നടപടി

56 (56) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഭാഷ മലയാളമാക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതിനായി സംസ്ഥാനസർക്കാർ ഏർപ്പെടുത്തി വരുന്ന ക്രമീകരണങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മാതൃഭാഷ ഭരണഭാഷയാക്കി മാറ്റുന്ന പ്രവർത്തനം കർശനമായി നടപ്പാക്കുന്നതിനും വീക്ഷിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് പ്രത്യേക വകുപ്പോ അതിനുള്ള ഡയറക്ടറേറ്റോ രൂപീകരിക്കേണ്ടിന്റെ ആവശ്യമുള്ളതായി സർക്കാർ കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഇതിന്റെ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സർക്കാർ എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ജി) ഭരണഭാഷ മാതൃഭാഷയാക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് ഈ മില്ലേനിയം വർഷത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(എച്ച്) ഭരണഭാഷ മാതൃഭാഷയാക്കിക്കൊണ്ടുള്ള സർക്കാരിന്റെ ഔദ്യോഗിക പ്രഖ്യാപനം എന്നത്തേക്ക് ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ നാളിതുവരെയായി 67 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും ഔദ്യോഗിക ആവശ്യങ്ങൾക്ക് മലയാളം മാത്രമേ ഉപയോഗിക്കാവൂയെന്ന് വിജ്ഞാപനങ്ങൾ മുഖാന്തിരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സാങ്കേതിക സ്വഭാവമുള്ള എൻ.സി.സി ഡയറക്ടറേറ്റ്, ഡ്രഗ്സ് കൺട്രോളർ, വിനോദസഞ്ചാരം, ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ഓഫീസ് എന്നീ വകുപ്പുകളിൽ കൂടി ഔദ്യോഗിക ആവശ്യങ്ങൾക്ക് മലയാളം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ആരാഞ്ഞിട്ടുണ്ട്. കോടതി ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച ജസ്റ്റീസ് നരേന്ദ്രൻകമ്മറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി ചർച്ച നടത്തികൊണ്ടിരിക്കുകയാണ്. പി.എസ്.സി നടത്തുന്ന എല്ലാ എഴുത്തുപരീക്ഷകൾക്കും ഒരു പേപ്പർ മലയാളം നിർബന്ധമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശം നിലനിർത്തിക്കൊണ്ടാണ് ഇതു നടപ്പാക്കുന്നത്. ഇംഗ്ലീഷ്, മലയാളം ടൈപ്പുറൈറ്റുകളുടെ വിതരണത്തിനുള്ള ക്രമീകരണം അനുപാതത്തിന് വിധേയമായി കർശനമായി പാലിച്ചു വരുന്നു. സർവ്വീസിലുള്ള എല്ലാ ടൈപ്പിസ്റ്റ്/ സി.എ.മാർക്കും ടൈപ്പിംഗിലും ചുരുക്കെഴുത്തിലും പരിശീലനം നൽകിവരുന്നു. സർക്കാർ ജീവനക്കാർക്ക് മലയാളം ഉപയോഗിക്കുന്നതിനുള്ള വൈമുഖ്യം മാറ്റിയെടുക്കുന്നതിനായി ഔദ്യോഗിക ഭാഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ ഐ.എം.ജി.യിൽ വച്ച് പ്രായോഗിക പരിശീലനം നൽകി വരുന്നു. സെക്രട്ടേറിയറ്റിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ഉത്തരവ് പുറപ്പടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭാഷാമാറ്റ പ്രക്രീയ ത്വരിതപ്പെടുത്തുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി താലൂക്ക്/ജില്ല/ സംസ്ഥാന/ഉന്നതതല ഔദ്യോഗിക ഭാഷാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികൾ യോഗം ചേർന്ന് പുരോഗതി അവലോകനം ചെയ്തു വരുന്നു.

(ഡി&ഇ) സംസ്ഥാനത്ത് ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിലുള്ള ഔദ്യോഗിക ഭാഷ വിഭാഗത്തിലാണ് നടക്കുന്നത്. ഇപ്പോഴുള്ള സംവിധാനം തന്നെ തുടർന്നാൽ മതിയാകുമെന്നാണ് സർക്കാരിന്റെ അഭിപ്രായം.

(എഫ്) ബാധകമല്ല.

(ജി) ഭരണഭാഷ മലയാളമാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) 1965 നവംബർ 1-ാം തീയതി മുതൽ ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള വകുപ്പുകൾ

57 (57) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വകുപ്പുകൾ എത്രയാണ് ; ഇവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വകുപ്പുകളുടെ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മേലിൽ മലയാളത്തിൽ മാത്രമായിരിക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവനുസരിച്ച് ഏതൊക്കെ വകുപ്പുകളിൽ എത്ര വീതം ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ കാരണം എന്താണെന്ന് പറയുമോ ?

ഉത്തരം

(എ) 67 വകുപ്പുകൾ, പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

† അനുബന്ധം XIX

LIBRARY ARCHIVES Kerala Legislative Assembly